2026
JUNE
04
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# സെക്ഷൻ 301 നടപടികളിൽ യു.എസുമായുള്ള ചർച്ചകൾ ഇന്ത്യ തുടരുന്നു

## ചട്ടക്കൂട് കരാറിന് അന്തിമരൂപം നൽകാനും നീക്കം

**തിരുവനന്തപുരം:** ഉൽപ്പന്നങ്ങളുടെ ഇറക്കുമതി തടയുന്നതിനായി ഇന്ത്യ ഉൾപ്പെടെയുള്ള 60 രാജ്യങ്ങൾ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള അന്വേഷണം യുണൈറ്റഡ് സ്റ്റേറ്റ്സ് ട്രേഡ് റപ്രസെന്റേറ്റീവ് (USTR) പൂർത്തിയാക്കി. ഇതിന്റെ ഫലമായി, 1974-ലെ യു.എസ് ട്രേഡ് നിയമത്തിന്റെ വകുപ്പ് 301 പ്രകാരം ഈ 60 രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതിക്ക് അധിക തീരുവ (Tariff) ചുമത്താൻ യു.എസ്.ടി.ആർ നിർദ്ദേശിച്ചിട്ടുണ്ട്. 232ആം വകുപ്പിലെ തീരുവയ്ക്ക് കീഴിൽ വരുന്ന ഉൽപ്പന്നങ്ങളെയും മറ്റ് ചില പ്രത്യേക ഉൽപ്പന്നങ്ങളെയും ഈ തീരുവ നിർദ്ദേശങ്ങളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. തുണിതരങ്ങൾ, വസ്ത്രം എന്നീ ഉൽപ്പന്നങ്ങൾക്കായി ഒരു പ്രത്യേക സംവിധാനവും നിർദ്ദേശിച്ചിട്ടുണ്ട്; ഇത് കുറഞ്ഞ തീരുവയിൽ, തിരഞ്ഞെടുത്ത സമ്പദ്‌വ്യവസ്ഥകളിൽ നിന്നുള്ള നിശ്ചിത അളവിലുള്ള ഇറക്കുമതി യു.എസിലേക്ക് അനുവദിച്ചേക്കാം.

റിപ്പോർട്ട് അനുസരിച്ച്, നിർദ്ദിഷ്ട തീരുവകൾ ഇതുവരെ അന്തിമമാക്കിയിട്ടില്ല. താൽപ്പര്യമുള്ള കക്ഷികൾക്ക് പൊതു വാദം കേൾക്കലിൽ പങ്കെടുക്കുന്നതിനുള്ള അപേക്ഷകൾ 2026 ജൂൺ 22-നകം സമർപ്പിക്കാവുന്നതാണ്. രേഖാമൂലമുള്ള അഭിപ്രായങ്ങൾ 2026 ജൂലൈ 6 വരെ സമർപ്പിക്കാം. പൊതുവാദം കേൾക്കൽ 2026 ജൂലൈ 7-ന് നടക്കും. നിർദ്ദിഷ്ട നടപടികളിൽ അന്തിമ തീരുമാനമെടുക്കുന്നതിന് മുൻപ് ലഭിച്ച അഭിപ്രായങ്ങളും സാക്ഷ്യപത്രങ്ങളും യു.എസ്.ടി.ആർ പരിഗണിക്കും.

വകുപ്പ് 301 ലെ നടപടികളുടെ ഭാഗമായി ഇന്ത്യ ഈ വിഷയത്തിൽ യു.എസുമായി നിരന്തരം ബന്ധപ്പെടുന്നുണ്ട്. ഇതിന് പുറമെ, 2026 ഫെബ്രുവരി 2-ന് പ്രഖ്യാപിച്ചതും 2026 ഫെബ്രുവരി 7-ന് പുറത്തിറക്കിയതുമായ സംയുക്ത പ്രസ്താവനയ്ക്ക് അനുസൃതവുമായുള്ള ഒരു ചട്ടക്കൂടിന് അന്തിമരൂപം നൽകുന്നതിനായി ഇന്ത്യ, യു.എസുമായി സമാന്തരമായി ചർച്ചകൾ നടത്തിവരികയാണ്.


ബ്രിക്സ് വനിതാ-ശിശുക്ഷേമ മന്ത്രിമാരുടെ അന്താരാഷ്ട്ര സമ്മേളനത്തിന്റെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ചേർന്ന ഉന്നതതല യോഗം

# ബ്രിക്സ് സമ്മേളനം: ഒരുക്കങ്ങൾ വിലയിരുത്തി ഉന്നതതല യോഗം

**കൊച്ചി:** ജൂലൈ 6 മുതൽ 9 വരെ എറണാകുളത്ത് നടക്കുന്ന ബ്രിക്സ് വനിതാ-ശിശുക്ഷേമ മന്ത്രിമാരുടെ അന്താരാഷ്ട്ര സമ്മേളനത്തിന്റെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ഉന്നതതല യോഗം ചേർന്നു.

കേന്ദ്ര വനിതാ-ശിശുവികസന മന്ത്രാലയം അഡീഷണൽ സെക്രട്ടറി കാരലിൻ ഖോങ്ബർ ദേശ്മുഖ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. സമ്മേളനത്തിന്റെ ഭാഗമായി മന്ത്രിതല ചർച്ചകൾ, പാനൽ സംവാദങ്ങൾ, പ്രദർശനമേള എന്നിവ സംഘടിപ്പിക്കും. അന്താരാഷ്ട്ര പ്രതിനിധികൾ എത്തുന്ന പശ്ചാത്തലത്തിൽ വിമാനത്താവളത്തിലെ സ്വീകരണം, സുരക്ഷാ ക്രമീകരണങ്ങൾ, യാത്രാ-താമസ സൗകര്യങ്ങൾ എന്നിവ യോഗം വിലയിരുത്തി. സുരക്ഷയും മറ്റ് അനുബന്ധ ക്രമീകരണങ്ങളും കർശനമായി ഉറപ്പാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകി.

സംസ്ഥാന വനിതാ ശിശുവികസന വകുപ്പ് സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ്, ഡയറക്ടർ വി. വിഘ്നേശ്വരി, ജില്ലാ കളക്ടർ ജി. പ്രിയങ്ക, കൊച്ചി സിറ്റി പോലീസ് മേധാവി എസ്. കാളിദാസ് മഹേഷ് കുമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# ദക്ഷിണാഫ്രിക്കൻ ഡെപ്യൂട്ടി പ്രസിഡന്റ് രാഷ്ട്രപതിയുമായി കൂടിക്കാഴ്ച നടത്തി

**ന്യൂഡൽഹി:** ദക്ഷിണാഫ്രിക്കൻ ഡെപ്യൂട്ടി പ്രസിഡന്റ് ഷിപോകോസ പൗലസ് മഷാറ്റിൽ ഇന്ന് രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതി ദ്രൗപതി മുർമുവുമായി കൂടിക്കാഴ്ച നടത്തി. തന്റെ ആദ്യ ഇന്ത്യൻ സന്ദർശനത്തിനെത്തിയ ഡെപ്യൂട്ടി പ്രസിഡന്റ് മഷാറ്റിലിനെ സ്വാഗതം ചെയ്തുകൊണ്ട്, ഇന്ത്യയും ദക്ഷിണാഫ്രിക്കയും തമ്മിൽ ചരിത്രപരവും സമകാലികവുമായ ഒരു സവിശേഷ സൗഹൃദമാണ് പങ്കിടുന്നതെന്ന് രാഷ്ട്രപതി പറഞ്ഞു. പരസ്പര ബഹുമാനത്തിലും പങ്കിട്ട മൂല്യങ്ങളിലുമാണ് നമ്മുടെ ബഹുമുഖ പങ്കാളിത്തം കെട്ടിപ്പടുത്തിരിക്കുന്നത്. 1997-ൽ ഇന്ത്യ ആദ്യമായി ഒരു തന്ത്രപ്രധാന പങ്കാളിത്തം സ്ഥാപിച്ച രാജ്യമാണ് ദക്ഷിണാഫ്രിക്ക.






ഇന്ത്യയും ദക്ഷിണാഫ്രിക്കയും എല്ലായ്പ്പോഴും ഗ്ലോബൽ സൗത്തിന്റെ മുൻനിര ശബ്ദങ്ങളാണെന്ന് രാഷ്ട്രപതി പറഞ്ഞു. കൊളോണിയൽ വിരുദ്ധ പോരാട്ടത്തിന്റെ പൊതുവായ ഒരു ചരിത്രം ഇരു രാജ്യങ്ങളും പങ്കിടുന്നുണ്ട്. ഐക്യരാഷ്ട്രസഭ, ചേരിചേരാ



പ്രസ്ഥാനം, ജി 20 തുടങ്ങിയ ബഹുരാഷ്ട്ര വേദികളിലെ നമ്മുടെ അടുത്ത സഹകരണത്തിലൂടെ, നമ്മുടെ സ്വന്തം ജനങ്ങൾക്ക് മാത്രമല്ല, വിശാലമായ ഗ്ലോബൽ സൗത്തിനും സമാധാനവും സമൃദ്ധിയും പ്രോത്സാഹിപ്പിക്കാനാണ് നമ്മൾ ശ്രമിക്കുന്നതെന്നും അവർ പറഞ്ഞു.

ഇന്ത്യയും ദക്ഷിണാഫ്രിക്കയും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം ഏകദേശം 15.5 ബില്യൺ യുഎസ് ഡോളറാണെന്നതിൽ രാഷ്ട്രപതി സന്തോഷം പ്രകടിപ്പിച്ചു. ഇതിലും വലിയ സാധ്യതകളാണ് മുന്നിലുള്ളതെന്നും നമ്മുടെ വ്യാപാര ബന്ധത്തെ കൂടുതൽ ഉയർന്ന തലത്തിലേക്ക് കൊണ്ടുപോകാൻ നാം ശ്രമിക്കണമെന്നും അവർ പറഞ്ഞു. ഇരു രാജ്യങ്ങളിലേയും കമ്പനികൾക്ക് പരസ്പരം വിപണികളിൽ തങ്ങളുടെ നിക്ഷേപങ്ങളും ബിസിനസ്സ് പ്രവർത്തനങ്ങളും വ്യാപിപ്പിക്കാൻ പ്രാപ്തമാക്കുന്ന അനുകൂലമായ ഒരു നയ അന്തരീക്ഷം നാം തുടർന്നും നൽകേണ്ടതുണ്ട്. ആഫ്രിക്കയുമായുള്ള പങ്കാളിത്തത്തിൽ ഇന്ത്യ പൂർണ്ണമായും പ്രതിജ്ഞാബദ്ധമായി തുടരുമെന്നും ഇന്ത്യ-ആഫ്രിക്ക ഫോറം ഉച്ചകോടി എത്രയും വേഗം വീണ്ടും വിളിച്ചുകൂട്ടുന്നതിന് ആഫ്രിക്കൻ യൂണിയൻ കമ്മീഷനുമായി ചേർന്ന് പ്രവർത്തിക്കുമെന്നും രാഷ്ട്രപതി പറഞ്ഞു. ഇന്ത്യയും ദക്ഷിണാഫ്രിക്കയും തമ്മിലുള്ള അടുത്ത സഹകരണം ഇരു രാജ്യങ്ങളിലേയും ജനങ്ങൾക്ക് വളരെയധികം നേട്ടങ്ങൾ നൽകുമെന്ന കാര്യത്തിൽ ഇരു നേതാക്കളും യോജിച്ചു.

## ഇന്നത്തെ പരിപാടി

### കൊച്ചി

■ **ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** ടി എ ഇന്ദുകുമാർ അനുസ്മരണം, അവാർഡ് സമർപ്പണം, കുട്ടികളുടെ നാടകം മുത്തിയും ചോഴിയും വൈകിട്ട് 6ന്.

### വരാപ്പുഴ

■ **കൊങ്ങോർപ്പിള്ളി സെന്റ്.ആന്റണീസ് ദേവാലയം :** അന്തോണീസിന്റെ തിരുനാൾ രാവിലെ 6.15ന്

### അങ്കമാലി

■ **അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ :** ഫോട്ടോ ഫെസ്റ്റ് ഇന്ത്യ 2026- രാവിലെ 10ന്.

### കൂത്താട്ടുകുളം

■ **ഇടയാർ ഗവ. എൽപിഎസി :** അധ്യാപക ഒഴിവുകളിലേക്കുള്ള അഭിമുഖം രാവിലെ 10.30ന്.

### പള്ളുരുത്തി

■ **പുത്തൻതോട് ഗവ.ഹയർ സെക്കൻഡറി സ്കൂൾ :** ഇംഗ്ലീഷ് അധ്യാപക ഒഴിവുകളിലേക്കുള്ള അഭിമുഖം രാവിലെ 10ന്.

# തെക്കുപടിഞ്ഞാറൻ കാലവർഷം: സംസ്ഥാനത്ത് മഴ ശക്തമാകും

**തിരുവനന്തപുരം:** തെക്കുപടിഞ്ഞാറൻ കാലവർഷം (മൺസൂൺ) കേരളത്തിൽ പ്രവേശിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ശക്തമായ മഴ തുടരുകയാണ്. സംസ്ഥാനത്ത് മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്നു യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. നിലവിൽ കാലവർഷം സംസ്ഥാനത്ത് പ്രവേശിക്കുന്നതിന് അനുകൂല സാഹചര്യമാണുള്ളത്. തെക്കുപടിഞ്ഞാറൻ കാലവർഷം കേരളത്തിലെയും തമിഴ്നാട്ടിലെയും ചില ഭാഗങ്ങളിലേക്ക് എത്തിച്ചേരുന്നതായും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇതോടൊപ്പം തെക്കുപടിഞ്ഞാറൻ അറബിക്കടൽ, തെക്കുകിഴക്കൻ അറബിക്കടൽ, ലക്ഷദ്വീപ് എന്നിവയുടെ കൂടുതൽ ഭാഗങ്ങളിലേക്കും മധ്യപടിഞ്ഞാറൻ, മധ്യകിഴക്കൻ, വടക്കുകിഴക്കൻ ബംഗാൾ ഉൾക്കടലിലെ കൂടുതൽ ഭാഗങ്ങളിലേക്കും തെക്കുകിഴക്കൻ ബംഗാൾ ഉൾക്കടലിന്റെ അവശേഷിക്കുന്ന ഭാഗങ്ങളിലേക്കും കാലവർഷം വ്യാപിക്കും.



തെക്കു കിഴക്കൻ അറബിക്കടലിലും തെക്കൻ കേരള തീരത്തിനും സമീപവും തെക്കുപടിഞ്ഞാറൻ അറബിക്കടലിനും സമീപ പ്രദേശങ്ങൾക്കും മുകളിലായയും ചക്രവാതച്ചുഴി സ്ഥിതി ചെയ്യുന്നുണ്ട്.

ഈ സാഹചര്യത്തിൽ കേരളത്തിലും മാഹിയിലും ഒറ്റപ്പെട്ട ശക്തമായ മ ഴയ്ക്ക് സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൽ പറയുന്നു. മോശം കാലാവസ്ഥയും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ കാറ്റുവീശാൻ സാധ്യതയുള്ളതിനാലും കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് കർശന നിയന്ത്രണമുണ്ട്. ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയുള്ളതിനാൽ രാത്രി സമയങ്ങളിൽ മലയോര മേഖലകളിലേക്കുള്ള യാത്രകൾ ഒഴിവാക്കണമെന്നും നിർദ്ദേശമുണ്ട്.

# കാടുപിടിച്ച പറമ്പുകൾ തദ്ദേശ സ്ഥാപനങ്ങൾ വെട്ടിത്തെളിക്കണമെന്ന്

**കൊച്ചി:** കാടുപിടിച്ചു കിടക്കുന്ന സ്ഥലങ്ങൾ തദ്ദേശസ്ഥാപനങ്ങൾ വെട്ടിത്തെളിക്കണമെന്ന് ഹൈക്കോടതി. ഇതിനുള്ള ചെലവുകൾ ഉടമകളിൽ നിന്ന് ഈടാക്കണമെന്നും ഹൈക്കോടതി വ്യക്തമാക്കി. സ്ഥലമുടമ ആരാണെന്ന് കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിലും വിഷപ്പാമ്പുകളുടെ താവളമായി കാടുപിടിച്ചു കിടക്കുന്ന സ്ഥലങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ വെട്ടിത്തെളിക്കണം. ഇതിന് ഉണ്ടാകുന്ന ചെലവ് പിന്നിട് ഉടമയെ കണ്ടെത്തുമ്പോൾ ഈടാക്കാവുന്നതാണെന്നും ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ വ്യക്തമാക്കി.

ഇത്തരം സാഹചര്യങ്ങളിൽ സ്ഥലമുടമ ആരാണെന്ന് കണ്ടെത്തിയില്ലെന്ന് പറഞ്ഞ് തദ്ദേശ സ്ഥാപനങ്ങൾക്ക് നോക്കി നിൽക്കാനാവില്ലെന്നും കോടതി പറഞ്ഞു.

അയൽപക്കത്തെ കാടുപിടിച്ച പറമ്പിൽ നിന്ന് വിഷജന്തുക്കളുടെ ഭീഷണിയുണ്ടെന്ന് ചൂണ്ടിക്കാട്ടി മാവേലിക്കര തെക്കേക്കര സ്വദേശി ജിജി വർഗീസ് നൽകിയ ഹർജിയിലാണ് ഉത്തരവ്. 10 ദിവസത്തിനുള്ളിൽ കാടു വെള്ളിത്തെളിക്കാൻ തെക്കേക്കര ഗ്രാമപഞ്ചായത്തിന് കോടതി നിർദേശം നൽകി. അപകടകരമായ സാഹചര്യമാണെങ്കിൽ ഉടമയ്ക്ക് കാത്തിരിക്കേണ്ടതില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 238,239 വകുപ്പുകൾ പ്രകാരം ഇത്തരം ശല്യങ്ങൾ നീക്കം ചെയ്യാൻ തദ്ദേശ സ്ഥാപനത്തിന് അധികാരമുണ്ട്. ഉടമയെ അറിയില്ലെങ്കിൽ പോലും പഞ്ചായത്ത് സ്വന്തം നിലയ്ക്ക് കാട് വെട്ടിത്തെളിക്കണമെന്നും കോടതി പറഞ്ഞു.

## വാർഡൻ നിയമനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മലയാറ്റൂർ ഗവണ്മെന്റ് പ്രീ മെട്രിക് ഹോസ്റ്റലിൽ ദിവസ വേതന അടിസ്ഥാനത്തിൽ വാർഡനെ നിയമിക്കുന്നതിന് വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു. പത്താം തരം പാസാകുകയും, കമ്പ്യൂട്ടർ പരിജ്ഞാനം ഉണ്ടായിരിക്കുകയും വാർഡൻ/സമാന തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും ഉള്ളവർക്ക് അപേക്ഷിക്കാം. നിയമിക്കപ്പെടുന്നവർക്ക് സർക്കാർ അനുശാസിക്കുന്ന പ്രകാരം പ്രതിമാസ വേതനം ലഭിക്കും.

വാക് ഇൻ ഇന്റർവ്യൂവിന് ജൂൺ നാലിന് പകൽ 11 ന് പട്ടികജാതി വികസന ഓഫീസിൽ നേരിട്ട് ഹാജരാകണം.

# സങ്കീർണ ഹൃദ്രോഗ ചികിത്സയിലെ ആഗോള വിദഗ്ധർ കേരളത്തിൽ

## നാല് ഭൂഖണ്ഡങ്ങളിൽ നിന്ന് പതിനഞ്ച് തത്സമയ ഹൃദയ ചികിത്സാ നടപടികൾ സമ്മേളനത്തിലേക്ക് സംപ്രേക്ഷണം ചെയ്യും

**തിരുവനന്തപുരം:** പൂർണമായി അടഞ്ഞ ഹൃദയധമനികൾ പുനസ്ഥാപിക്കാനുള്ള നൂതന സാങ്കേതിക വിദ്യകളും സങ്കീർണ ഹൃദയധമനി ഇടപെടലുകളിലെ ശാസ്ത്ര മുന്നേറ്റങ്ങളും ചർച്ച ചെയ്യുന്നതിനായി ഇൻഡോ ജാപ്പനീസ് സി.ടി.ഒ ക്ലബ്ബിന്റെ (ഐ.ജെ.സി.ടി.ഒ 2026) 12ാമത് ലൈവ് സമ്മിറ്റ് ജൂൺ 5 മുതൽ 7 വരെ കോവളത്തെ ഹോട്ടൽ ലീല റാവിസിൽ നടക്കും. ജസ്ലോക് ആശുപത്രിയിലെ മുതിർന്ന ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റും പത്മഭൂഷൺ ജേതാവുമായ ഡോ. എ.ബി. മേത്ത സമ്മേളനം ഉദ്ഘാടനം ചെയ്യും.

മെഡിട്രിന ഗ്രൂപ്പ് ഓഫ് ഹോസ്പിറ്റൽസ് സി.ഇ.ഒ ഡോ. മഞ്ജു പ്രതാപ് മുഖ്യാതിഥിയാകും. ഓർഗനൈസിങ്ങ് സെക്രട്ടറിയും കോഴ്സ് ഡയറക്ടറുമായ ഡോ. എൻ. പ്രതാപ് കുമാറും കോഴ്സ് ഡയറക്ടർമാരായ ഡോ. എ.വി. ഗണേഷ് കുമാർ, ഡോ. വി. സൂര്യപ്രകാശ റാവു, ഡോ. പി.കെ. ഗോയൽ എന്നിവരും ഉദ്ഘാടന സമ്മേളനത്തിൽ സംസാരിക്കും.

ദീർഘകാലമായി പൂർണമായി അടഞ്ഞു കിടക്കുന്ന ഹൃദയധമനികളുടെ ചികിത്സയായ ക്രോണിക് ടോട്ടൽ ഒക്ലൂഷൻ (സി.ടി.ഒ) ഇടപെടലുകളാണ് സമ്മേളനത്തിന്റെ പ്രധാന ചർച്ചാവിഷയം.

ലോകത്തിലെ പ്രമുഖ സി.ടി.ഒ വിദഗ്ധരെ ഒരുമിച്ച് കൊണ്ടുവരുന്ന ആഗോള അക്കാദമിക് വേദിയായാണ് സമ്മേളനം സംഘടിപ്പിക്കുന്നതെന്ന് ഡോ. എൻ. പ്രതാപ് കുമാർ പറഞ്ഞു.

പൂർണമായി അടഞ്ഞ ഹൃദയധമനികളുടെ ചികിത്സയിൽ സമീപകാലത്ത് വലിയ പുരോഗതിയാണ് ഉണ്ടായിരിക്കുന്നത്. അത്യാധുനിക ഗൈഡ് വയറുകൾ, പ്രത്യേക മൈക്രോ കത്തീറ്ററുകൾ, രക്തക്കുഴലിനുള്ളിലെ ഇമേജിംഗ് സാങ്കേതിക വിദ്യകൾ, കാർഡിയാക് സി.ടി, നൂതന ചികിത്സാരീതികൾ എന്നിവ സങ്കീർണ ഹൃദയധമനി ചികിത്സകളുടെ വിജയസാധ്യത ഗണ്യമായി വർധിപ്പിച്ചിട്ടുണ്ട്. ഈ രംഗത്തെ ആഗോള വിദഗ്ധരുമായി ചർച്ചകൾക്കു നേരിട്ടുള്ള പഠനത്തിനുമുള്ള അവസരമാണ് സമ്മേളനം ഒരുക്കുന്നത്, ഡോ. എൻ. പ്രതാപ് കുമാർ പറഞ്ഞു.

ഇന്ത്യ, ജപ്പാൻ, യൂറോപ്പ്, അമേരിക്ക എന്നിവിടങ്ങളിലെ പ്രമുഖ ചികിത്സാ കേന്ദ്രങ്ങളിൽ നിന്ന് തത്സമയം സംപ്രേഷണം ചെയ്യുന്ന പതിനഞ്ച് സങ്കീർണ ഹൃദയധമനി ചികിത്സാ നടപടികളാണ് സമ്മേളനത്തിന്റെ പ്രധാന ആകർഷണം. കൊല്ലം മെഡിട്രിന ആശുപത്രിയിൽ നിന്നുള്ള മൂന്ന് ലൈവ് കേസുകൾ ഉൾപ്പെടെ ഇന്ത്യയിൽ നിന്ന് ആറ്, ജപ്പാനിൽ നിന്ന് അഞ്ച്, യൂറോപ്പിൽ നിന്ന് മൂന്ന്, അമേരിക്കയിൽ നിന്ന് ഒന്ന് എന്നിങ്ങനെയാണ് സംപ്രേക്ഷണം ചെയ്യുക.

പൂർണമായി അടഞ്ഞ ഹൃദയധമനികൾ തുറക്കുന്നതിനുള്ള നൂതന കത്തീറ്റർ ചികിത്സാ രീതികൾ, ഐ.വി.യു.എസ് സഹായത്തോടെയുള്ള ഇടപെടലുകൾ, പ്രത്യേക ഗൈഡ് വയർ സാങ്കേതിക വിദ്യകൾ, മൈക്രോ കത്തീറ്ററുകളുടെ ഉപയോഗം, എന്നിവ ശാസ്ത്ര സെഷനുകൾ ചർച്ച ചെയ്യും.

ഹൃദയസ്തംഭനം, വൃക്കരോഗം, ബൈപാസ് ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള രോഗാവസ്ഥകൾ, കഠിനമായ കാൽസ്യം ബ്ലോക്കുകൾ തുടങ്ങിയ സങ്കീർണ സാഹചര്യങ്ങളിലെ ചികിത്സയും ചർച്ചയാകും. പരാജയപ്പെട്ട സി.ടി.ഒ ചികിത്സകൾ വീണ്ടും സുരക്ഷിതമായി നടത്തുന്നതിനുള്ള മാർഗങ്ങളും വിദഗ്ധർ അവതരിപ്പിക്കും.

ഇന്ത്യയിലെയും വിദേശത്തെയും 800-ലധികം ഹൃദ്രോഗ വിദഗ്ധരും ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റുകളും സമ്മേളനത്തിൽ പങ്കെടുക്കും. അമേരിക്ക, ജപ്പാൻ, ജർമ്മനി, ഇറ്റലി, ദക്ഷിണ കൊറിയ, മലേഷ്യ എന്നിവിടങ്ങളിലെ പ്രമുഖ ഹൃദയകേന്ദ്രങ്ങളിൽ നിന്നുള്ള വിദഗ്ധർ ശാസ്ത്ര സെഷനുകൾക്ക് നേതൃത്വം നൽകും.

# സംസ്ഥാനത്ത് 28 ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കും: മന്ത്രി സി.പി. ജോൺ

## *അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ട്രെയിനികളുടെ പാസിങ് ഔട്ട് പരേഡ് നടന്നു



**തിരുവനന്തപുരം:** സംസ്ഥാനത്ത് 28 ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ (എ.ടി.എസ്) ആരംഭിക്കുമെന്ന് ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ പറഞ്ഞു. തിരുവനന്തപുരത്ത് തൈക്കാട് പോലീസ് ട്രെയിനിംഗ് കോളേജിൽ നടന്ന പതിനേഴാമത് ബാച്ച് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ട്രെയിനികളുടെ പാസിങ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുയായിരുന്നു മന്ത്രി.

വാഹനങ്ങളുടെ ഫിറ്റ്നസ്സ് പരിശോധനക്കായി ഓരോ ജില്ലയിലും ഓട്ടോമേറ്റഡ്, മെഷീൻ നിയന്ത്രിത, ഔട്ട്സോഴ്സ് പിൻതുണയുള്ള രണ്ട് എടിഎസ് വീതമായിരിക്കും സ്ഥാപിക്കുന്നത്. വാഹന ഫിറ്റ്നസ് പരിശോധനയിൽ പരമ്പരാഗത രീതികൾക്ക് പകരം മെഷീൻ അധിഷ്ഠിത സംവിധാനങ്ങളിലേക്കാണ് മാറ്റമെന്നും അദ്ദേഹം പറഞ്ഞു. ആധുനികവൽക്കരണത്തിന്റെയും ഓട്ടോമേഷന്റെയും നിർണായക ഘട്ടത്തിലാണ് പുതിയ തലമുറ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ സേവനത്തിലേക്ക് കടക്കുന്നത്. രാജ്യത്ത് കമ്പ്യൂട്ടർവൽക്കരണം ആദ്യമായി നടപ്പിലാക്കിയ സംസ്ഥാനങ്ങളിൽ ഒന്നായ കേരളം വികസിപ്പിച്ച സ്മാർട്ട് മൂവ് ആപ്ലിക്കേഷൻ ദേശീയതലത്തിലെ പരിവാഹൻ സംവിധാനത്തിന് അടിസ്ഥാനമായി. വാഹൻ, സാരഥി പ്ലാറ്റ്ഫോമുകളിൽ നിരവധി മെച്ചപ്പെടുത്തലുകൾ കേരള എംവിഡി ഉദ്യോഗസ്ഥരുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കി. ആദ്യ കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധനയും ഡ്രൈവർ പരിശോധനയും കേരളത്തിലാണ് നടപ്പിലാക്കിയത്.

ഡ്രൈവിംഗ് ലൈസൻസ് പരീക്ഷകൾ അക്രഡിറ്റഡ് ഡ്രൈവിംഗ് ട്രെയിനിംഗ് ആൻഡ് ടെസ്റ്റിംഗ് സെന്ററുകൾ വഴി കൂടുതൽ സുതാര്യവും ആധുനികവുമാക്കുമെന്നും മന്ത്രി വ്യക്തമാക്കി. എംവിഡി നവീകരണത്തിനായി പ്രത്യേക നവീകരണ സ്കീം ഫണ്ട് രൂപീകരിക്കുമെന്നും ഐസിടി ഉപകരണങ്ങൾ, എൻഫോഴ്സ്മെന്റ് ടാബുകൾ, എ എൻ പി ആർ (Automatic Number Plate Recognition) ക്യാമറകൾ എന്നിവ വ്യാപകമായി ഉപയോഗിക്കുമെന്നും മന്ത്രി അറിയിച്ചു. നികുതി വെട്ടിപ്പ് തടയുകയും നികുതി ശേഖരണം കാര്യക്ഷമമാക്കുകയും ചെയ്യുന്നതിൽ ഉദ്യോഗസ്ഥർ നിർണായക പങ്ക് വഹിക്കണം.

സംസ്ഥാനത്തെ റോഡുകളിൽ സജീവമായി ഓടുന്ന വാഹനങ്ങളുടെ യഥാർത്ഥ കണക്ക് കണ്ടെത്തുന്നതിനായി വാഹന സെൻസസ് ആരംഭിക്കും. വാഹൻ ഡാറ്റ കൂടുതൽ കൃത്യമാക്കുന്നതിലൂടെ സെർവർ ഡൗൺടൈം കുറയ്ക്കാനും സേവനങ്ങൾ വേഗത്തിലാക്കാനും സാധിക്കും.

പൊതുഗതാഗത സംവിധാനത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിനായി എല്ലാ സ്റ്റേജ് കാരിയേജുകൾക്കും വേണ്ടി ഓട്ടോമേറ്റഡ് റൂട്ട് മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കും. തത്സമയ ഡാറ്റയുടെ അടിസ്ഥാനത്തിൽ ബസ് സർവീസുകൾ നിരീക്ഷിക്കാനും സമയക്രമം നിയന്ത്രിക്കാനും ഇതിലൂടെ സാധിക്കും. യൂറോപ്പിലെയും അമേരിക്കയിലെയും മാതൃകയിൽ മൊബൈൽ ആപ്പ് വഴി പൊതുഗതാഗത വിവരങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കും.

ഷെയർ ട്രാൻസ്പോർട്ട്, വൈദ്യുത വാഹനങ്ങളുടെ ഉപയോഗം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഗ്രാമപ്രദേശങ്ങളിലെ കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്. വരും ദിവസങ്ങളിൽ എ എൻ പി ആർ (automatic number plate recognition) അധിഷ്ഠിത ഡാഷ് ക്യാമറകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് റോഡ് സുരക്ഷാ നിർവഹണവും ശക്തിപ്പെടുത്തും. അന്തർ സംസ്ഥാന ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് അയൽ സംസ്ഥാനങ്ങളുമായി ധാരണയിലെത്തും.

പരിശീലനത്തിന് ശേഷം നിയമങ്ങൾ, സാങ്കേതിക വിദ്യകൾ, പൊതുസേവന രംഗത്തെ മാറ്റങ്ങൾ എന്നിവയെക്കുറിച്ചുള്ള പുതു അറിവുകൾ ഉദ്യോഗസ്ഥർ നിരന്തരമായി ഉൾക്കൊള്ളണമെന്ന് മന്ത്രി നിർദേശിച്ചു. ജനങ്ങളോടുള്ള പെരുമാറ്റത്തിൽ അച്ചടക്കവും മര്യാദയും പുലർത്തണമെന്നും യൂണിഫോമിന്റെ ഗൗരവം കാത്തുസൂക്ഷിക്കണമെന്നും മന്ത്രി പറഞ്ഞു.

32 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ട്രെയിനികളാണ് പരിശീലനം വിജയകരമായി പൂർത്തിയാക്കി പരേഡിൽ പങ്കെടുത്തത്. മന്ത്രി ട്രെയിനികളുടെ പരേഡ് പരിശോധന നടത്തി. തുടർന്ന് സത്യപ്രതിജ്ഞാ ചടങ്ങും സ്ലോ, ക്വിക്ക് ടൈം മാർച്ച് പാസ്റ്റും നടന്നു.

പരിശീലന കാലയളവിൽ മികച്ച പ്രകടനം കാഴ്ചവെച്ച ട്രെയിനികൾക്ക് മന്ത്രി മെഡലുകളും പുരസ്കാരങ്ങളും വിതരണം ചെയ്തു. മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ മികച്ച സേവനത്തിനുള്ള അംഗീകാരമായി ഏർപ്പെടുത്തിയ കേരള ചീഫ് മിനിസ്റ്റേഴ്സ് ട്രാൻസ്പോർട്ട് മെഡലുകളും മന്ത്രി ചടങ്ങിൽ സമ്മാനിച്ചു.

ഗതാഗത കമ്മീഷണർ നാഗരാജു ചക്കിലം, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ പ്രമോജ് ശങ്കർ പി.എസ്, പൊലീസ് ട്രെയിനിങ് കോളേജ് പ്രിൻസിപ്പൽ ജയശങ്കർ ആർ, വൈസ് പ്രിൻസിപ്പൽ എസ് അജയ് കുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# നാവികസേനയിലേക്ക് ഈ മാസം എത്തുന്നത് അഞ്ചു യുദ്ധക്കപ്പലുകൾ

**ന്യൂഡൽഹി:** നാവികസേനയിലേക്ക് ഈ മാസം എത്തുന്നത് പുതിയ അഞ്ചു യുദ്ധക്കപ്പലുകൾ. തദ്ദേശീയമായി നിർമിച്ച അഞ്ചു യുദ്ധക്കപ്പലുകളാണ് പുതുതായി എത്തുന്നത്. സേനയുടെ കരുത്തു വർധിപ്പിക്കുന്നതിനൊപ്പം ആത്മനിർഭർ ഭാരത്, മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതികളിൽ നിർണായക ചുവടുവയ്പ്പുകൂടിയാകും പുതിയ പടക്കപ്പലുകളുടെ രംഗ പ്രവേശം. യുദ്ധക്കപ്പലുകളുടെ രൂപകൽപ്പനയിലും നിർമാണത്തിലും ഇന്ത്യയുടെ വർധിച്ചു വരുന്ന ശേഷിയും മികവും തെളിയിക്കുന്നതാണ് ഈ കപ്പലുകൾ.

അഞ്ചു കപ്പലുകളിൽ നാലെണ്ണം ഗാർഡൻ റീച്ച് ഷിപ്പ് ബിൽഡേഴ്സ് ആൻഡ് എൻജിനീയേഴ്സും (ജിആർഎസ്ഇ) കൊച്ചിൻ ഷിപ്യാർഡും ചേർന്നു നിർമിച്ചവയാണ്. അഞ്ചാമത്തേത് മുംബൈ മസഗോൺ ഡോക്ക് ഷിപ്പ് ബിൽഡേഴ്സ് ലിമിറ്റഡിൽ നിർമിച്ചു.

പ്രോജക്റ്റ് 17 എ പ്രകാരം ജിആർഎസ്ഇ യിൽ നിർമിച്ച യുദ്ധക്കപ്പൽ ദുനഗിരിയാണ് ഇതിൽ ആദ്യത്തേത്. ഫ്രിഗേറ്റ് വിഭാഗത്തിൽപ്പെട്ട കപ്പലിൽ അത്യാധുനിക സെൻസറുകളും ആയുധവ്യൂഹവും ഘടിപ്പിച്ചിട്ട്. ജലാശയങ്ങളുടെ ആഴവും അടിത്തട്ടും ഒഴുക്കും ഉൾപ്പെടെ ഘടനാപരമായ വിവരങ്ങൾ പരിശോധിക്കാനും രേഖപ്പെടുത്താനും കഴിയുന്ന കപ്പലാണ് സംശോധക്. സമുദ്രാന്തർ പര്യവേക്ഷണത്തിന് സഹായിക്കുന്ന കപ്പൽ ഗതിനിർണയത്തിനും യുദ്ധകാല തയാറെടുപ്പുകൾക്കും ഉപയോഗിക്കാനാകും.

ആഴം കുറഞ്ഞതും തീരത്തോടു ചേർന്നതുമായ ഭാഗങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന അന്തർ വാഹിനി വേധ യുദ്ധക്കപ്പലാണ് ഈ മാസം കമ്മിഷൻ ചെയ്യുന്ന മൂന്നാമത്തെ കപ്പൽ അഗ്രേയും മാൽവനും. പ്രോജക്റ്റ് 17 എ പ്രകാരമുള്ള സ്റ്റെൽത്ത് ഫ്രിഗേറ്റ് വിഭാഗത്തിൽപ്പെടുന്ന കപ്പലാണ് ഐഎൻഎസ് മഹേന്ദ്ര ഗിരി. നാവികസേനയുടെ വരുംകാല യുദ്ധാവശ്യ ങ്ങൾ മുന്നിൽക്കു നിർമിച്ചതാണ് ഈ കപ്പൽ. ഒരേ സമയം കപ്പലുകൾക്കും അന്തർ വാഹിനികൾക്കും വിമാനങ്ങൾക്കുമെതിരേ പൊരുതാൻ ശേഷിയുള്ള മഹേന്ദ്രഗിരി, വി മാനവാഹിനികൾക്ക് അകമ്പടിക്കും ഉപയോഗിക്കും.

# പരിസ്ഥിതി ദിനത്തിൽ 'ദേവാരണ്യം' പദ്ധതിക്ക് തുടക്കം

## ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ പരിസരം ഹരിതാഭമാക്കാൻ പദ്ധതിയുമായി സംസ്ഥാന സർക്കാർ

**തിരുവനന്തപുരം:** പരിസ്ഥിതി ദിനത്തിൽ 'ദേവാരണ്യം' പദ്ധതിക്ക് തുടക്കം കുറിക്കുന്നു. ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ പരിസരം ഹരിതാഭമാക്കാൻ പദ്ധതിയുമായി സംസ്ഥാന സർക്കാർ. 'ദേവാരണ്യം' എന്ന പേരിലെ പദ്ധതിക്ക് പരിസ്ഥിതി ദിനമായ നാളെ ദേവസ്വം വകുപ്പ് തുടക്കമിടും. വിവിധ ദേവസ്വം ബോർഡുകളുടെയും ക്ഷേത്രോപദേശക സമിതികളുടെയും വനം വകുപ്പിന്റെയും ഭക്തജനങ്ങളുടെയും സഹകരണത്തോടെയാകും പദ്ധതി നടപ്പാക്കുക.

തിരുവിതാംകൂർ, കൊച്ചി, മലബാർ, ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങൾക്ക് കീഴിലെ 3087 ക്ഷേത്രങ്ങളിലും 'ദേവാരണ്യം' നടപ്പിലാക്കും.

ക്ഷേത്രപരിസരങ്ങളിൽ ഒരുവർഷംകൊണ്ട് ഒരു ലക്ഷം തൈകൾ വച്ചുപിടിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്, തെച്ചി, അരളി തുടങ്ങിയ ചെടികൾ നട്ട് പരിപാലിക്കും. അരയാൽ, പേരാൽ, അത്തി, ഇത്തി, കൂവളം എന്നിവയും ഔഷധസസ്യങ്ങളും വളർത്തും. കാവുകളുടെ സംരക്ഷണവും ഉറപ്പുവരുത്തും. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് സാമൂഹിക വനവത്കരണ വിഭാഗത്തിന്റെ പങ്കാളിത്തം ഉറപ്പാക്കും. പരിസ്ഥിതി സംരക്ഷണത്തിനൊപ്പം ദേവസ്വങ്ങൾക്ക് ഭാവിയിൽ പദ്ധതി മുതൽക്കൂട്ടാകുമെന്നാണ് സർക്കാരിന്റെ വിലയിരുത്തൽ.

പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ രാവിലെ എട്ടിന് തിരുവനന്തപുരം അമ്പലമുക്ക് പേരൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്ര ത്തിൽ ദേവസ്വം മന്ത്രി കെ. മുരളിധരൻ നിർവഹിക്കും.

പദ്ധതിയുമായി ബന്ധപ്പെട്ട് മന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജയകുമാർ, കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ.ര വിന്ദ്രൻ, ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാൻ എ.വി. ഗോപിനാഥ്, കൂടൽമാണിക്യം ദേവസ്വം ബോർഡ് ചെയർമാൻ സി.കെ. ഗോപി, റവന്യൂ ദേവസ്വം സെക്രട്ടറി എം.ജി. രാജമാണിക്യം, ദേവസ്വം കമ്മിഷണർമാരായ ബി. സുനിൽകുമാർ, ടി.സി. ബി ജു, എസ്.ആർ. ഉദയകുമാർ, അഡീഷനൽ സെക്രട്ടറി കെ. ജയപാൽ, കൂടൽമാണിക്യം അഡ്മിനിസ്ട്രേറ്റർ ജി.എസ്. രാധ എന്നിവർ പങ്കെടുത്തു.

# ‘തർക്കം’ ഫസ്റ്റ് ലുക്ക് പോസ്റ്റർ

ദേശീയ അവാർഡ് ജേതാവായ സജിൻ ബാബു രചനയും സംവിധാനവും നിർവഹിക്കുന്ന ‘തർക്കം‘എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി. പി. ഡബ്ല്യു എൽ ഒ എന്റർടൈയ്ൻമെന്റ്, സജിൻ ബാബു പ്രൊഡക്ഷൻസ് എന്നീ ബാനറിൽ അനൂപ് കുട്ടി, സജിൻ ബാബു എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ജെബിൻ ജേക്കബ് നിർവഹിക്കുന്നു.




പുതുമുഖങ്ങൾക്ക് ഏറേ പ്രാധാന്യം നല്കി ഒരുക്കിയ ഈ ചിത്രത്തിൽ ജാതി-ഫ്യൂഡൽ മേധാവിത്വത്തെ ഇന്നും ന്യായികരിച്ച് അഭിമാനത്തോടെ ജീവിക്കുന്ന ഒരു പോലീസ് ഓഫീസറും, ഡോക്ടർ ബി ആർ അംബേദ്കറുടെ പുരോഗമന ആശയങ്ങളിൽ ആകൃഷ്ടനായി ലോകത്തെ കാണാനും, നയിക്കാനും ശ്രമിക്കുന്ന സുർജിത്ത് എന്ന യുവാവും തമ്മിലുാകുന്ന സംഘർഷത്തിന്റെ സംഭവബഹുലമായ മുഹൂർത്തങ്ങൾ, റിയാലിസ്റ്റ്ക് ത്രില്ലർ ജോണറിൽ ദൃശ്യവൽക്കരിക്കുന്നു.

ക്ലൈമാക്സ് രംഗങ്ങൾ ഒരേ സമയം ഏഴോളം ക്യാമറകൾ ഉപയോഗിച്ച് നാല് സിനീമേറ്റോഗ്രഫേഴിന്റെ മേൽനോട്ടത്തിലാണ് ചിത്രീകരിച്ചത്. കൊടുങ്ങല്ലൂർ ശ്രീ മഹാദേവീ ക്ഷേത്രത്തിലെ ഭരണി ആഘോഷത്തിന്റെ പശ്ചാത്തലത്തിൽ ഒരുക്കിയ തർക്കം എന്ന ചിത്രത്തിന്റെ ചിത്രീകരണം പൂർത്തിയായി.

സിനിമോട്ടോഗ്രാഫി - നന്ദകുമാർ തോട്ടത്തിൽ,സിംബാദ്, റോഷൻ ജോസ്, എഡിറ്റിംഗ്-അപ്പു ഭട്ടതിരി, ലൈൻ പ്രൊഡ്യൂസർ-ഷാജി അസീസ്,സംഗീതം- സൈദ് അബ്ബാസ്, പ്രൊഡക്ഷൻ ഡിസൈനർ- വിനോദ് പട്ടണക്കാടൻ, ആക്ഷൻ ഡയറക്ടർ- റോബിൻ മാസ്റ്റർ ടീം, പ്രൊഡക്ഷൻ കൺട്രോളർ- ഫിജോ ഫിലിപ്പ്, സിങ്ക് സൗണ്ട്- രാകേഷ് ശശീന്ദ്രൻ, സൗണ്ട് മിക്സിംഗ് - ജുബിൻ രാജ്, വസ്ത്രാലങ്കാരം- സുർജിഷ് സി സുരേഷ്, മേക്കപ്പ്-സുരേഷ് പിഷാരടി, അസോസിയേറ്റ് ഡയറക്ടർ-സോനു രാമകൃഷ്ണൻ, ജാസിർ, അസിസ്റ്റന്റ് ഡയറക്ടർ- സുബിൻ ജോർജ്,പ്രൊജക്ട് ഡിസൈനർ-അരുൺ സോൾ, കാസ്റ്റിംഗ് ഡയറക്ടർ-രാജേഷ് നാരായണൻ, പ്രൊഡക്ഷൻ മാനേജർ -ശ്യാം കാർഗോസ്,സിജോ ജോസ് ജോസി, ഇ.സി അശോകൻ, സെക്കന്റ് യൂണിറ്റ് സിനിമോട്ടോഗ്രാഫി- റാം രാഘവ്, മാർക്കറ്റിംഗ്-പ്രതീഷ് ശേഖർ,പബ്ലിസിറ്റി ഡിസൈൻ-ദിലീപ്ദാസ്,പി ആർ ഒ- എ എസ് ദിനേശ്.

# ‘സത്യത്തിൽ സംഭവിച്ചത്’




പ്രശാന്ത് മോഹൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ‘സത്യത്തിൽ സംഭവിച്ചത് ”എന്ന ചിത്രത്തിലെ ഒഫീഷ്യൽ ലിറിക്കൽ വീഡിയോ ഗാനം റിലീസായി. കാവാലം നാരായണപ്പണിക്കർ എഴുതിയ വരികൾക്ക് ബെന്നി ഫെർണാസ് സംഗീതം പകർന്ന് ശ്രേയ പ്രദീപ് ആലപിച്ച ‘പോയ കാല മധുരിമ...’ എന്നാരംഭിക്കുന്ന ഗാനമാണ് റിലീസായത്. ആകാശ് മേനോൻ, ദിൽഷാന, ദിലീഷ് പോത്തൻ, ജോണി ആന്റണി, ശ്രീകാന്ത് മുരളി, കോട്ടയം രമേശ്, ടി ജി രവി,ജോജി ജോൺ, നസീർ സംക്രാന്തി, ബൈജു എഴുപുന്ന, കലാഭവൻ റഹ്മാൻ, ജയകൃഷ്ണൻ, വിജിലേഷ്, സിനോജ് വർഗീസ്, ശിവൻ സോപാനം, പുളിയനം പൗലോസ്, ജി സുരേഷ് കുമാർ, ഭാസ്കർ അരവിന്ദ്, സൂരജ് ടോം, അശ്വതി ശ്രീകാന്ത്, കുളപ്പുള്ളി ലീല, ശൈലജ കൃഷ്ണദാസ്, പ്രതിഭ പ്രതാപചന്ദ്രൻ, പാർവതി രാജൻ ശങ്കരാടി, സുഷമ അജയൻ, ഗായത്രി ദേവി തുടങ്ങിയവരാണ് മറ്റ് പ്രമുഖ താരങ്ങൾ. എഡിറ്റർ-സുനീഷ് സെബാസ്റ്റ്യൻ, പ്രൊഡക്ഷൻ കൺട്രോളർ -അമ്പിളി കോട്ടയം, കല-കെ കൃഷ്ണൻകുട്ടി, മേക്കപ്പ്-പട്ടണം ഷാ, വസ്ത്രാലങ്കാരം-ധന്യ ബാലകൃഷ്ണൻ, സ്റ്റിൽസ്-ശിവൻ മലയാറ്റൂർ, പരസ്യകല- ആർട്ടോകാർപ്പസ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ-ലിനു ആന്റണി,ബിജിഎം- മധു പോൾ, വിഎഫ്എക്സ്- ടിറ്റോ,അജീഷ് പി തോമസ്, നൃത്ത സംവിധാനം- ഇംതിയാസ് അബൂബക്കർ,സൗണ്ട് ഡിസൈൻ-അരുൺ രാമവർമ്മ,സംഘട്ടനം- അഷറഫ് ഗുരുക്കൾ, പി ആർ ഒ-എ എസ് ദിനേശ്.

# മഞ്ജുവാര്യരുടെ ‘ഹാപ്പിലൂപ്പ്’

പ്രശസ്ത താരം മഞ്ജു വാര്യരെ കേന്ദ്ര കഥാപാത്രമാക്കി ആനന്ദ് മേനൻ സംവിധാനം ചെയ്യുന്ന “ഹാപ്പിലൂപ്പ് ‘ ആദ്യഘട്ട ചിത്രീകരണം പൂർത്തിയായി.

‘ഗൗതമന്റെ രഥം’, ‘വാഴ 1’ എന്നീ ചിത്രങ്ങൾക്കുശേഷം ആനന്ദ് മേനൻ സംവിധാനം ചെയ്യുന്ന ചിത്രമാണ് ഹാപ്പിലൂപ്പ്. മുകേഷ്,ജെ പി തുമിനാട്, മധു വാര്യർ, വി കെ പ്രകാശ്,നീരജ രാജേന്ദ്രൻ, നിധിന്യ, അനു,നിഷാന്ത് സാഗർ,ആതിര രാജീവ് തുടങ്ങിയ പ്രമുഖരും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. മൂവിബക്കറ്റിന്റെ ബാനറിൽ ബിനീഷ് ചന്ദ്രൻ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ കഥ തിരക്കഥ ആഷിഖ് ഐമർ എഴുതുന്നു. ഛായാഗ്രഹണം- ഗൗതം ശങ്കർ, എഡിറ്റർ-കണ്ണൻ മോഹൻ, സംഗീതം- ഇലക്ട്രോണിക് കിളി, പാർവതീഷ് പ്രദീപ്, പ്രൊഡക്ഷൻ ഡിസൈനർ -ക്രിപേഷ് അയ്യപ്പൻകുട്ടി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-അനീഷ് സി സലിം, പ്രൊഡക്ഷൻ കൺട്രോളർ- ഷബീർ മലവട്ടത്ത്, ചീഫ് അസോസിയേറ്റ്- ബിനു ജി നായർ, മേക്കപ്പ്-റോണക്സ് സേവ്യർ, വസ്ത്രാലങ്കാരം-ലിജി പ്രേമൻ,വി എഫ് എക്സ്- പ്രോമൈസ്, സ്റ്റിൽസ്-രോഹിത് കെ സുരേഷ്, പോസ്റ്റർ ഡിസൈൻ- റോസ്റ്റഡ് പേപ്പർ, ടൈറ്റിൽ ഡിസൈൻ-ഡെല്ലു,പി ആർ ഒ-എ എസ് ദിനേശ്.



# കൊച്ചി ജെയിൻ യൂണിവേഴ്സിറ്റിയിൽ ‘ഡിസൈൻ വേഴ്സ്’

## ജൂൺ 5, 6 തീയതികളിൽ

**കൊച്ചി:** ജെയിൻ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ഡിസൈൻ, മീഡിയ ആൻഡ് ക്രിയേറ്റീവ് ആർട്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ’ഡിസൈൻ വേഴ്സ് 2026’ ദ്വിദിന പ്രദർശന മേള ജൂൺ 5, 6 തീയതികളിൽ നടക്കും. കൊച്ചി ക്യാമ്പസിൽ വെച്ച് നടക്കുന്ന മേളയിൽ ക്രിയേറ്റീവ് ഡിസൈൻ ബിരുദ വിദ്യാർത്ഥികളുടെ നൂതന ആശയങ്ങളിലും സാമൂഹിക അവബോധത്തിലും ഊന്നിയുള്ള സൃഷ്ടികളാണ് പ്രധാനമായും പ്രദർശിപ്പിക്കുക. രാവിലെ 11 മുതൽ വൈകുന്നേരം ആറു വരെയാണ് സന്ദർശന സമയം.

ഭാവിയുടെ ഡിസൈൻ സങ്കൽപ്പങ്ങളും വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകളും ലോകത്തിന് മുന്നിൽ അവതരിപ്പിക്കുക എന്നതാണ് ഈ പ്രദർശനത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ് പറഞ്ഞു. വെറുമൊരു പ്രദർശനം എന്നതിലുപരി, വിദ്യാർത്ഥികൾ, വ്യവസായ പ്രമുഖർ, കലാകാരന്മാർ, അധ്യാപകർ, കലയെ സ്നേഹിക്കുന്നവർ എന്നിവർക്കെല്ലാം ഒത്തുചേരാനും ആശയവിനിമയം നടത്താനുമുള്ള ഒരു വേദി കൂടിയാണിത്. ഡിസൈൻ തിങ്കിംഗ്, വിഷ്വൽ കൾച്ചർ, സാങ്കേതികവിദ്യ, സുസ്ഥിരത, സാമൂഹിക പ്രതിബദ്ധതയുള്ള സർഗാത്മകത എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ചർച്ചകൾക്കും ഈ പ്രദർശനം തുടക്കം കുറിക്കും. വിദ്യാർത്ഥികളുടെ അക്കാദമിക യാത്രയുടെ ഭാഗമായി അവർ വികസിപ്പിച്ചെടുത്ത മികച്ച പ്രോജക്റ്റുകളാണ് രണ്ട് ദിവസങ്ങളിലായി ഇവിടെ അവതരിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കമ്മ്യൂണിക്കേഷൻ, ഗ്രാഫിക് ഡിസൈൻ മേഖലകളിലെ ബ്രാൻഡിംഗ്, വിഷ്വൽ കമ്മ്യൂണിക്കേഷൻ, ടൈപ്പോഗ്രാഫി, പാക്കേജിംഗ് തുടങ്ങിയവയിലെ നൂതന ആശയങ്ങൾ പ്രദർശനത്തിന്റെ പ്രധാന ആകർഷണമായിരിക്കും. ഇതിനുപുറമെ, ആനിമേറ്റഡ് ഫിലിമുകൾ, മോഷൻ ഗ്രാഫിക്സ്, ഡിജിറ്റൽ സ്റ്റോറിടെല്ലിംഗ് എന്നിവ ഉൾക്കൊള്ളുന്ന ആനിമേഷൻ ആൻഡ് വിഷ്വൽ ഇഫക്ട്സ്, ഉപഭോക്താക്കൾക്ക് മികച്ച ഡിജിറ്റൽ അനുഭവം നൽകുന്ന യുഐ/യുഎക്സ് ഡിസൈനുകൾ, ഡോക്യുമെന്ററികളും പരീക്ഷണാത്മക ദൃശ്യാവിഷ്കാരങ്ങളും അടങ്ങുന്ന ഫിലിം ആൻഡ് മീഡിയ പ്രോജക്റ്റുകൾ എന്നിവയും മേളയിൽ ഒരുക്കും. മികച്ച ഗെയിമിംഗ് അനുഭവങ്ങളും ക്യാരക്ടർ ഡിസൈനും നൽകുന്ന ഇന്ററാക്ടീവ് ഗെയിം ആർട്ട് ആൻഡ് ഡെവലപ്മെന്റ്, സുസ്ഥിരമായ ഫാഷൻ സങ്കൽപ്പങ്ങളും ഉപയുക്തതയും സൗന്ദര്യവും സമന്വയിപ്പിക്കുന്ന സ്പേഷ്യൽ ഡിസൈനുകളും ഉൾപ്പെടുന്ന ഫാഷൻ, ഇന്റീരിയർ ഡിസൈൻ തുടങ്ങിയ വൈവിധ്യമാർന്ന മേഖലകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ സൃഷ്ടികളും ഇവിടെ കാണാൻ സാധിക്കും.

നൂതന ഡിസൈൻ മാതൃകകൾ, ഡിജിറ്റൽ അവതരണങ്ങൾ, ഇന്ററാക്ടീവ് അനുഭവങ്ങൾ, മികച്ച പോർട്ട്ഫോളിയോകൾ എന്നിവ സന്ദർശകർക്ക് ഇവിടെ നേരിട്ട് കാണാനും അടുത്തറിയാനും അവസരമുണ്ടാകും. യുവ ഡിസൈനർമാരുമായി സംവദിക്കാനും അവരുടെ പ്രോജക്റ്റുകൾക്ക് പിന്നിലെ ആശയങ്ങളെയും പ്രചോദനങ്ങളെയും കുറിച്ച് ചോദിച്ചറിയാനും ഈ പ്രദർശനം വഴിയൊരുക്കും. കലയെയും ഡിസൈനിനെയും സ്നേഹിക്കുന്നവർക്കും, പുതിയ ആശയങ്ങൾ തേടുന്ന വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിലാണ് ഡിസൈൻ വേഴ്സ് ഒരുക്കിയിരിക്കുന്നത്.

# ഹൈസൻസിന്റെ പുതിയ യു7എസ്ഇ യു.എൽ.ഇ.ഡി മിനി എൽ.ഇ.ഡി ടിവികൾ അവതരിപ്പിച്ചു




**കൊച്ചി:** ഉപഭോക്തൃ ഇലക്ട്രോണിക്സ്, ഗാർഹിക ഉപകരണ മേഖലകളിലെ ആഗോള മുൻനിര ബ്രാൻഡായ ഹൈസെൻസിന്റെ പുതിയ ടെലിവിഷൻ ശ്രേണിയായ യു7എസ്ഇ 144 ഹെർട്സ് യു.എൽ.ഇ.ഡി മിനി-എൽ.ഇ.ഡി ടി.വി.കൾ ഇന്ത്യയിൽ അവതരിപ്പിച്ചു. ഹൈസൻസിന്റെ നൂതനമായ യു.എൽ.ഇ.ഡി മിനി എൽ.ഇ.ഡി സാങ്കേതിക വിദ്യയാണ് ഈ ശ്രേണിയുടെ പ്രധാന സവിശേഷത. ഫുൾ അറേ ലോക്കൽ ഡിമ്മിംഗ് സംവിധാനത്തിന്റെ സഹായത്തോടെ ദൃശ്യങ്ങളിൽ കൂടുതൽ സ്വാഭാവികതയും ഉറപ്പാക്കുന്നു. ഹൈ-ക്യു. എൽ.ഇ.ഡി കളർ സാങ്കേതിക വിദ്യയാണ് ഇതിലുള്ളത്. ആധുനിക വീടുകളുടെ അകത്തളങ്ങളോട് ചേർന്ന് നിൽക്കുന്ന രൂപകൽപ്പനയും ഈ ശ്രേണിയുടെ പ്രത്യേകതയാണ്.

ഹൈ പെർഫോമൻസ് ഗെയിമിംഗിനായി രൂപകൽപ്പന ചെയ്ത യു7എസ്ഇ ശ്രേണിയിൽ 144 ഹെർട്സിന്റെ റിഫ്രഷ് റേറ്റാണുള്ള്. ഇത് മികച്ച് ഗെയിമിംഗ് അനുഭവം നൽകും. 100 ഇഞ്ച് മോഡലുകളിൽ 165 ഹെർട്സിന്റെ ഗെയിം മോഡ്, വ്യത്യസ്ത റിഫ്രഷ് റേറ്റ്, എച്ച്.ഡി.എം.ഐ 2.1 കണക്റ്റിവിറ്റി എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഹൈസൻസിന്റെ സ്വന്തം പ്രോസസറായ ഹൈ-വ്യൂ എ.ഐ. എൻജിനാണ് ഓരോ ഫ്രെയിമിന്റേയും പ്രകടനം നിയന്ത്രിക്കുന്നത്. ദൃശ്യ ഗുണനിലവാരം, കോൺട്രാസ്റ്റ്, നിറങ്ങൾ എന്നിവ തത്സമയം മെച്ചപ്പെടുത്താൻ ഈ പ്രോസസറിന് കഴിയും. 100 ഇഞ്ച് മോഡലുകളിലെ ഹൈ-വ്യൂ എ.ഐ. എൻജിൻ പ്രോ കൂടുതൽ വ്യക്തതയിൽ സിനിമാ നിലവാരത്തിലുള്ള കാഴ്ചാനുഭവം ഉറപ്പാക്കുന്നു. മികച്ച ശബ്ദാനുഭവത്തിനായി ഡെവിയാലെ സാങ്കേതികവിദ്യ ഉപയോഗിച്ച് ക്രമീകരിച്ച ബിൽറ്റ്-ഇൻ സബ്വൂഫറും ഈ ശ്രേണിയിലെ ടിവികളിലുണ്ട്. വേഗതയേറിയതും സുരക്ഷിതവുമായ ഉപയോക്തൃ അനുഭവം നൽകുന്ന വിഡാ സ്മാർട്ട് ഓപ്പറേറ്റിങ് സംവിധാനത്തിലാണ് ഈ ടിവികൾ പ്രവർത്തിക്കുന്നത്. ഫിലിംമേക്കർ മോഡ്, മുറിയിലെ പ്രകാശം അനുസരിച്ച് സ്വയം ക്രമീകരിക്കുന്ന എ.ഐ. ആർ.ജി.ബി. ലൈറ്റ് സെൻസർ, വോയിസ് കൺട്രോൾ എന്നിവയും ഇതിലുണ്ട്. 55, 65, 75, 85, 100 ഇഞ്ച് എന്നീ സ്ക്രീൻ സൈസുകളിൽ ഹൈസൻസ് യു7എസ്ഇ യു.എൽ.ഇ.ഡി മിനി-എൽ.ഇ.ഡി ടിവികൾ ലഭിക്കും. 63,990 രൂപ മുതലാണ് പ്രാരംഭ വില. നന്ദിലത്ത്, മൈജി ഉൾപ്പടെയുള്ള പ്രമുഖ റീട്ടെയിൽ ശൃംഖലകളിൽ ഇവ ലഭ്യമാണ്.

# കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകാൻ ജോയ്ആലുക്കാസ് ഫൗണ്ടേഷൻ

**കൊച്ചി:** പുതിയ അധ്യയന വർഷാരംഭത്തിൽ സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന കുടുംബത്തിൽപ്പെട്ട 13000 വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുമെന്ന് ജോയ്ആലുക്കാസ് ഫൗണ്ടേഷൻ. കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, തെലങ്കാന, ഒഡീഷ എന്നീ സംസ്ഥാനങ്ങളിലെ കുട്ടികൾക്ക് ഗുണമേന്മയുള്ള സ്കൂൾ ബാഗിനൊപ്പം നോട്ട്ബുക്കുകൾ, പെൻസിൽ ബോക്സ്, ലഞ്ച് ബോക്സ്, വാട്ടർ ബോട്ടിൽ, കുട എന്നിവയടങ്ങുന്ന കിറ്റാണ് അധ്യയന വർഷാരംഭത്തിൽ വിതരണം ചെയ്യുക. എൽകെജി മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്കാണ് പഠനോപകരണങ്ങൾ നൽകുന്നതെന്നും ജോയ്ആലുക്കാസ് ഫൗണ്ടേഷൻ അറിയിച്ചു.

രാജ്യത്തെ പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹത്തിനിടയിൽ ജോയ്ആലുക്കാസ് ഫൗണ്ടേഷൻ നടത്തുന്ന സാമൂഹിക സന്നദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായാണ് നടപടി. വളർന്നുവരുന്ന തലമുറയ്ക്ക് മികച്ച പഠനസൗകര്യങ്ങൾ ഒരുക്കുന്നതിൽ സാമ്പത്തിക പ്രയാസങ്ങൾ തടസമാകരുതെന്ന കാഴ്ചപ്പാടാണ് ഇത്തരമൊരു സംരംഭം തുടങ്ങാൻ പ്രേരിപ്പിച്ചതെന്നും ഫൗണ്ടേഷൻ അധികൃതർ വ്യക്തമാക്കി. ബന്ധപ്പെട്ട സംസ്ഥാനങ്ങളിൽ സ്കൂളുകൾ തുറക്കുന്ന മുറയ്ക്ക് ജോയ്ആലുക്കാസ് ഷോറൂമുകളിലൂടെ പഠനോപകരണങ്ങൾ വിതരണം ചെയ്യും.

# ഗോൾഡ് പോയിന്റ് കേന്ദ്രങ്ങൾ 200 ലേക്ക് വികസിപ്പിക്കാൻ മുത്തൂറ്റ് എക്സിം

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ (മുത്തൂറ്റ് ബ്ലൂ) അമൂല്യ ലോഹ വിഭാഗവും, ഇന്ത്യയിലെ സംഘടിത സ്വർണ്ണ പുനരുപയോഗ മേഖലയിലെ മുൻനിരക്കാരുമായ മുത്തൂറ്റ് എക്സിം പ്രൈവറ്റ് ലിമിറ്റഡ്, തങ്ങളുടെ ’മുത്തൂറ്റ് ഗോൾഡ് പോയിന്റ്’ ശൃംഖല വികസിപ്പിക്കുന്നു. 2027–28 സാമ്പത്തിക വർഷാവസാനത്തോടെ രാജ്യത്തുടനീളമുള്ള കേന്ദ്രങ്ങളുടെ എണ്ണം 200 ആയി ഉയർത്താനാണ് കമ്പനി ലക്ഷ്യമിടുന്നത്. നിലവിൽ 109 കേന്ദ്രങ്ങളുള്ള മുത്തൂറ്റ് എക്സിം, ഇതുവരെ 55,000-ത്തിലധികം ഉപഭോക്താക്കളിൽ നിന്നായി ഏകദേശം 5 ടൺ പഴയ സ്വർണ്ണമാണ് വിജയകരമായി പുനരുപയോഗം ചെയ്തിട്ടുള്ളത്. ഇതിൽ 40 ശതമാനത്തോളം ഉപഭോക്താക്കൾ വീണ്ടും ഇടപാടുകൾക്കായി മടങ്ങിയെത്തുന്നു എന്നത് ഈ സുതാര്യമായ വ്യവസ്ഥിതിയിലുള്ള ജനവിശ്വാസത്തെ അടിവരയിടുന്നു.

ഇന്ത്യയിലെ വലിയൊരു പരിധി വരെ അസംഘടിതമായി കിടക്കുന്ന സ്വർണ്ണ പുനരുപയോഗ വിപണിയെ കൂടുതൽ സുതാര്യവും വ്യവസ്ഥാപിതവുമാക്കുകയാണ് മുത്തൂറ്റ് ഗോൾഡ് പോയിന്റ് ചെയ്യുന്നത്. ശാസ്ത്രീയമായ സ്വർണ്ണ പരിശോധനയിലൂടെയും കൃത്യമായ മൂല്യനിർണ്ണയത്തിലൂടെയും ഉപഭോക്താക്കൾക്ക് തത്സമയം കൃത്യമായ മൂല്യം ലഭ്യമാക്കാൻ ഈ കേന്ദ്രങ്ങൾക്ക് സാധിക്കുന്നുണ്ട്. ഉപഭോക്താക്കളിൽ നിന്ന് നേരിട്ട് ശേഖരിക്കുന്ന പഴയതും ഉപയോഗശൂന്യവുമായ സ്വർണ്ണം അത്യാധുനിക രീതിയിൽ ശുദ്ധീകരിച്ച് 24 കാരറ്റ് ശുദ്ധസ്വർണ്ണമാക്കി മാറ്റി ആഭ്യന്തര വിപണിയിലെ ആഭരണ-നാണയ നിർമ്മാതാക്കൾക്ക് കൈമാറുകയാണ് ചെയ്യുന്നത്. 10,000 രൂപ വരെയുള്ള ഇടപാടുകൾക്ക് തൽക്ഷണം പണമായും, ഉയർന്ന തുകകൾ ഐഎംപിഎസ്, നെഫ്റ്റ്, ആർടിജിഎസ് വഴി ബാങ്ക് അക്കൗണ്ടുകളിലേക്കും സുരക്ഷിതമായി നിക്ഷേപിക്കുന്ന സുഗമമായ ഇടപാട് രീതിയാണ് കമ്പനി പിന്തുടരുന്നത്.

സുസ്ഥിരവും ഇ.എസ്.ജി മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ പ്രവർത്തനരീതികളിലൂടെ ഇന്ത്യയുടെ ദീർഘകാല സാമ്പത്തിക വളർച്ചയെ പിന്തുണയ്ക്കുകയാണ് തങ്ങളുടെ പ്രധാന ലക്ഷ്യമെന്ന് മുത്തൂറ്റ് എക്സിം സി.ഇ.ഓ. കേയൂർ ഷാ വ്യക്തമാക്കി. പുതിയ ഖനന പ്രവർത്തനങ്ങളുടെ ആവശ്യകത കുറയ്ക്കാനും, വീടുകളിൽ നിഷ്ക്രിയമായിരിക്കുന്ന സ്വർണ്ണത്തെ സജീവ സാമ്പത്തിക ആസ്തിയാക്കി മാറ്റാനും ഈ പദ്ധതി സഹായിക്കും. സ്വർണ്ണ ഇറക്കുമതി ആശ്രിതത്വം കുറയ്ക്കുന്നതിനൊപ്പം ആഭ്യന്തര സ്വർണ്ണ വിനിമയം ശക്തിപ്പെടുത്തുന്നതിലൂടെ പ്രധാനമന്ത്രി മുന്നോട്ടുവെച്ച ’ആത്മനിർഭർ ഭാരത്’, ’വികസിത് ഭാരത്’ എന്നീ മഹത്തായ ദർശനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കാൻ മുത്തൂറ്റ് എക്സിമിന്റെ ഈ വിപുലീകരണത്തിലൂടെ സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ജൈനം ബ്രാൻഡ് ഐഡൻറിറ്റി അവതരിപ്പിച്ചു

**കൊച്ചി:** രാജ്യത്തെ പ്രമുഖ സാമ്പത്തിക സേവന ദാതാക്കളായ ജൈനം തങ്ങളുടെ ബ്രാൻഡ് ഐഡൻറിറ്റി പുറത്തിറക്കി. ട്രേഡർമാർക്കും നിക്ഷേപകർക്കും കൂടുതൽ വ്യക്തതയും മികച്ച കാഴ്ചപ്പാടും നൽകിക്കൊണ്ട് വിശ്വസ്തനായ ഒരു പങ്കാളിയായി മാറാനാണ് കമ്പനി ഇതിലൂടെ ലക്ഷ്യമിടുന്നത്. രണ്ടു പതിറ്റാണ്ടിലേറെയായുള്ള പ്രവർത്തന പാരമ്പര്യമുള്ള കമ്പനി വിപണിയിലെ മാറ്റങ്ങളെ ആത്മവിശ്വാസത്തോടെയും അച്ചടക്കത്തോടെയും നേരിടാൻ നിക്ഷേപകരെ സഹായിക്കുന്നതിന്റെ ഭാഗമായാണ് ഈ മാറ്റം.
ആശയക്കുഴപ്പങ്ങൾക്ക് പകരം വ്യക്തത, സാധ്യതകൾക്ക് പകരം കൃത്യത, നിഷ്ക്രിയമായ ഉൾക്കാഴ്ചകൾക്ക് പകരം പ്രായോഗികമായ മാർഗ്ഗനിർദ്ദേശം എന്നീ മൂന്ന് പ്രധാന തത്വങ്ങളെ അടിസ്ഥാനമാക്കിയാണ് കമ്പനിയുടെ പുതിയ മാറ്റങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. രാജ്യത്തെ സാമ്പത്തിക വിപണിയിൽ നിക്ഷേപകരുടെ പങ്കാളിത്തം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മികച്ച തീരുമാനങ്ങളെടുക്കാൻ അവരെ സഹായിക്കേണ്ടതുണ്ടെന്നും അച്ചടക്കത്തോടെയും ക്ഷമയോടെയും വിപണിയെ സമീപിക്കാൻ നിക്ഷേപകരെ പ്രാപ്തരാക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും ജൈനം ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മിലൻ പരീഖ് പറഞ്ഞു. വിശ്വാസം, കൃത്യമായ മാർഗ്ഗനിർദ്ദേശം, മികച്ച അനുഭവം എന്നിവയിലൂടെ ഉപഭോക്താക്കൾക്ക് കൂടുതൽ മൂല്യം നൽകാനാണ് കമ്പനി ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് ചീഫ് ബിസിനസ്സ് ഓഫീസർ പുലക് കുമാർ സിംഗ് വ്യക്തമാക്കി. സാമ്പത്തിക സേവന മേഖലയിലെ സങ്കീർണ്ണതകൾ ഒഴിവാക്കി ഇന്നത്തെ നിക്ഷേപകർക്ക് വേഗത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന കൂടുതൽ ലളിതമായ അനുഭവമാണ് ഈ പുതിയ മാറ്റത്തിലൂടെയെന്ന് പുലക് കുമാർ സിംഗ് വ്യക്തമാക്കി.

# പുതിയ ഡിവിസി ക്യാമ്പയിനുമായി ഹിമാലയ ബേബി കെയർ

**കൊച്ചി:** നവജാത ശിശുക്കളുടെ അതിസൂക്ഷ്മമായ ചർമ്മ സംരക്ഷണത്തിനും കാലാവസ്ഥാ വ്യതിയാനങ്ങൾ മൂലമുണ്ടാകുന്ന അസ്വസ്ഥതകൾക്കും പരിഹാരവുമായി ഹിമാലയ ബേബി കെയർ. ബ്രാൻഡിന്റെ പ്രമുഖ ഉൽപ്പന്നങ്ങളായ 'ഹിമാലയ ജെന്റിൽ ബേബി സോപ്പ്', 'റിഫ്രഷിംഗ് ബേബി സോപ്പ്' എന്നിവയ്ക്കായി രണ്ട് പുതിയ ഡിജിറ്റൽ വീഡിയോ കൊമേഴ്സ്യലുകൾ (ഡിവിസി) കമ്പനി പുറത്തിറക്കി. വെറും വൃത്തിയാക്കലിനപ്പുറം, ഇത് കരുതലാണ് എന്ന സന്ദേശത്തിലൂന്നിയാണ് ബേബി സോപ്പ് പോർട്ട്ഫോളിയോ വിപുലീകരിച്ചുകൊണ്ട് ഹിമാലയ പുതിയ ചുവടുവെപ്പ് നടത്തിയിരിക്കുന്നത്. സുരക്ഷിതവും മാറുന്ന കാലാവസ്ഥയ്ക്ക് അനുയോജ്യവുമായ ഉൽപ്പന്നങ്ങൾ ആഗ്രഹിക്കുന്ന ആധുനിക മാതാപിതാക്കളുടെ ആവശ്യങ്ങൾ മുൻനിർത്തിയാണ് ഈ മാറ്റം. കുഞ്ഞുങ്ങളുടെ മൃദുലമായ ചർമ്മത്തിനായി പ്രത്യേകം തയ്യാറാക്കിയ ഹിമാലയ ജെന്റിൽ ബേബി സോപ്പിൽ 97% പ്രകൃതിദത്ത ചേരുവകളാണ് അടങ്ങിയിരിക്കുന്നത്. ചർമ്മത്തിലെ ഈർപ്പം നിലനിർത്താൻ സഹായിക്കുന്ന ബദാം, ഒലിവ് എന്നിവയുടെ 100% പ്രകൃതിദത്ത എണ്ണകളിൽ നിന്നുള്ള സവിശേഷമായ 'ഫൈറ്റോ ഓയിൽ-കോംപ്ലക്സ്' ഇതിലുണ്ട്. കഠിനമായ രാസവസ്തുക്കൾ ഇല്ലാത്ത ഈ കൂട്ട് കുളിക്ക് ശേഷമുള്ള ചർമ്മ വരൾച്ച തടയുകയും ദീർഘനേരം മൃദുത്വം ഉറപ്പാക്കുകയും ചെയ്യും. ഇന്ത്യൻ വേനൽക്കാലത്തെ കഠിനമായ ചൂടും വിയർപ്പും മൂലമുണ്ടാകുന്ന അസ്വസ്ഥതകൾ പരിഹരിക്കാനാണ് 'ഹിമാലയ റിഫ്രഷിംഗ് ബേബി സോപ്പ്' രൂപകൽപ്പന ചെയ്തിരിക്കുന്നത്. തണ്ണിമത്തൻ, രാമച്ചം, വേപ്പ് എന്നിവയുടെ 'അക്വാഫ്രഷ് കോംപ്ലക്സ്' അടങ്ങിയ ഈ സോപ്പ് ചൂടുകുരുക്കളിൽ നിന്നും ചൊറിച്ചിലിൽ നിന്നും കുഞ്ഞുങ്ങൾക്ക് ഉന്മേഷദായകമായ സംരക്ഷണം നൽകുന്നു. മാറിക്കൊണ്ടിരിക്കുന്ന മാതാപിതാക്കളുടെ ചിന്താഗതികൾക്കൊപ്പം കൃത്യമായ പരിഹാരങ്ങൾ നൽകാനാണ് തങ്ങൾ ശ്രമിക്കുന്നതെന്ന് ഹിമാലയ വെൽനസ് കമ്പനി ബേബി കെയർ ഡയറക്ടർ ചക്രവർത്തി എൻ.വി പറഞ്ഞു. നവജാതശിശുക്കളുടെ ചർമ്മത്തിന്റെ ആവശ്യങ്ങളോ ഇന്ത്യൻ വേനൽക്കാലത്തിന്റെ വെല്ലുവിളികളോ ആകട്ടെ, മാതാപിതാക്കൾക്ക് പൂർണ ആത്മവിശ്വാസത്തോടെ ആശ്രയിക്കാൻ കഴിയുന്ന വിശ്വസനീയമായ പരിഹാരങ്ങൾ നൽകുക എന്നതാണ് ബ്രാൻഡിന്റെ ലക്ഷ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




ഡിജിറ്റൽ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴി പുറത്തിറക്കുന്ന ഈ പരസ്യചിത്രങ്ങൾ ഇന്ത്യയിലുടനീളമുള്ള യുവ മാതാപിതാക്കളിലേക്ക് വേഗത്തിൽ എത്തിക്കുന്നതിനായി മലയാളം ഉൾപ്പെടെയുള്ള പ്രാദേശിക ഭാഷകളിലും ലഭ്യമാക്കും.

# സോണിയുടെ പുതിയ ബ്രാവിയ 7 II ടിവികൾ ഇന്ത്യയിൽ അവതരിപ്പിച്ചു




**കൊച്ചി:** ഹോം എൻറർടൈൻമെൻറ് രംഗത്ത് പുതിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച് സോണി ഇന്ത്യയുടെ ആദ്യത്തെ ട്രൂ ആർജിബി സാങ്കേതികവിദ്യയോട് കൂടിയ ബ്രാവിയ 7II ടിവികൾ വിപണിയിൽ അവതരിപ്പിച്ചു. കൂടുതൽ വ്യക്തതയുള്ള നിറങ്ങളും മികച്ച ദൃശ്യാനുഭവവും നൽകുന്ന ഈ പുതിയ മോഡലുകൾ 2026 മെയ് 28 മുതൽ ഇന്ത്യയിൽ ലഭ്യമാണ്.
ആർജിബി ബാക്ക്ലൈറ്റ് മാസ്റ്റർ ഡ്രൈവ് പ്രോ ചുവപ്പ്, പച്ച, നീല നിറങ്ങളിലുള്ള എൽഇഡികളെ സ്വതന്ത്രമായി നിയന്ത്രിച്ച് മികച്ച ദൃശ്യങ്ങളും കറുപ്പിന് കൂടുതൽ വ്യക്തതയും നൽകുന്ന സോണിയുടെ അത്യാധുനിക സാങ്കേതികവിദ്യയാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. മനുഷ്യർ സ്വാഭാവികമായി കാണുകയും കേൾക്കുകയും ചെയ്യുന്ന രീതിയിൽ ദൃശ്യങ്ങളെയും ശബ്ദങ്ങളെയും പ്രോസസ്സ് ചെയ്ത് കൂടുതൽ മിഴിവേകാൻ കോഗ്നിറ്റീവ് പ്രൊസസ്സർ എക്സ്ആർ സാങ്കേതികവിദ്യ സഹായിക്കുന്നു. ക്യുഡി-ഒഎൽഇഡി പാനലുകൾക്ക് സമാനമായ വർണ്ണ മികവും മിനി എൽഇഡി ഡിസ്പ്ലേയുടെ തെളിച്ചവും ആർജിബി ട്രൈലൂമിനോസ് മാക്സ് സംയോജിപ്പിക്കുന്നു.
ഡോൾബി വിഷൻ, ഡോൾബി അറ്റ്മോസ് എന്നിവയുടെ പിന്തുണയോടെ തീയറ്റർ അനുഭവമാണ് ഈ ടിവികൾ നൽകുന്നത്.
കൂടാതെ 65 ഇഞ്ച് മുതൽ മുകളിലേക്കുള്ള മോഡലുകളിൽ ദൃശ്യങ്ങൾക്ക് അനുസരിച്ച് കൃത്യമായി ശബ്ദം നൽകുന്ന അക്കൗസ്റ്റിക് മൾട്ടി-ഓഡിയോ+ ഫീച്ചറുമുണ്ട്.
ഗെയിമിംഗ് മികവിനായി പ്ലേസ്റ്റേഷൻ 5-ന് പ്രത്യേകം അനുയോജ്യമായ രീതിയിൽ, 4കെ 120എഫ്പിഎസ് പിന്തുണയോടെയാണ് എത്തുന്നത്. തടസ്സങ്ങളില്ലാത്ത ഗെയിമിംഗ് ഉറപ്പാക്കാൻ ഓട്ടോ ലോ ലാറ്റൻസി മോഡ്, വേരിയബിൾ റിഫ്രഷ് റേറ്റ് എന്നീ ഫീച്ചറുകളും ലഭ്യമാണ്.
ഗൂഗിൾ ടിവി അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇതിൽ കൂടുതൽ മികച്ച എഐ സേവനങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി ജെമിനി സംവിധാനം ഒരു എയർ അപ്ഡേറ്റ് വഴി ലഭ്യമാകും. ഹാൻഡ്സ് ഫ്രീ വോയ്സ് സെർച്ച്, ആപ്പിൾ എയർപ്ലേ 2 എന്നിവയും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
55 ഇഞ്ച് മുതൽ 98 ഇഞ്ച് വരെയുള്ള സ്ക്രീൻ സൈസുകളിലാണ് ബ്രാവിയ 7II പരമ്പര വിപണിയിൽ എത്തുന്നത്. 2026 മെയ് 28 മുതൽ സോണി സെൻററുകൾ, പ്രമുഖ ഇലക്ട്രോണിക് ഷോപ്പുകൾ, ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവ വഴി ഇവ ലഭ്യമാണ്.
3,59,900 രൂപ വിലയുള്ള 55 ഇഞ്ച് മോഡൽ 2,21,990 രൂപയ്ക്കും, 4,39,900 രൂപ വിലയുള്ള 65 ഇഞ്ച് മോഡൽ 2,74,990 രൂപയ്ക്കും ലഭ്യമാണ്. 75 ഇഞ്ച് മോഡൽ 2026 ജൂൺ അവസാനത്തോടെയും, 98 ഇഞ്ച് മോഡൽ ജൂലൈ അവസാനത്തോടെയും വിപണിയിൽ എത്തും.

